I/5768705/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം- ആർ.സി1/262/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 19-06-2023

## സർക്കുലർ

വിഷയം:- അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ - നീക്കം ചെയ്യുന്നത് - അധികമാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു

സൂചന:- 1) WP(C) No. 1671/2021 നമ്പർ ഹർജിയിന്മേൽ 02.12.2021 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

2) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.03.2022 ൽ കൂടിയ സർവ്വകക്ഷിയോഗ തീരുമാനം.

3) WP(C) No. 22750/2018, WP(C) No. 25784/2018, WP(C) No. 42574/2018 & WP(C) No. 27642/2021 എന്നീ റിട്ട് ഹർജികളിന്മേൽ 22.03.2022 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

4) WP(C) No. 1671/2021 നമ്പർ ഹർജിയിന്മേൽ 22.06.2022 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

5) 06.05.2022, 05.07.2022 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ

6) WP(C) No. 1671/2021 നമ്പർ ഹർജിയിന്മേൽ 07.07.2022 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

7) 02.08.2022 തീയതിയിലെ RC2/315/2022-LSGD നമ്പർ സർക്കുലർ.

8) WP(C) No. 22750/2022 കേസിലെ ബഹു. ഹൈക്കോടതിയുടെ 19.10.2022 ലെ ഇടക്കാല ഉത്തരവ്.

9) സ.ഉ (സാധാ) നം. 3075/2022/തസ്വഭവ തീയതി: 12.12.2022.

10) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.12.2022 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് .

11) സ.ഉ (സാധാ) നം. 1173/2023/തസ്വഭവ തീയതി : 06.06.2023.

12) WP(C) No. 22750/2018 മുതൽ കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 08.06.2023 തീയതിയിലെ ഉത്തരവ്.

**********************

സംസ്ഥാനത്തെ പാതയോരങ്ങളിലും കാൽനടയാത്രക്കാർ ഗതാഗതത്തിനുപയോഗിക്കുന്ന ഫുട്പാത്ത് ഏര്യാ, ഹാൻഡ് റെയിലുകൾ എന്നിവിടങ്ങളിലും റോഡുകളുടെ സെന്റർ മീഡിയൻ, ട്രാഫിക് ഐലന്റ് എന്നിവിടങ്ങളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങൾ, തോരണങ്ങൾ, കൊടിക്കൂറകൾ, ഫ്ലക്സുകൾ, പരസ്യ ബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നത്

സംബന്ധിച്ച് സൂചന (3), (4) - ലെ ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം സർക്കാർ സൂചന (5) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

സൂചന (6) ലെ ബഹു. കോടതി നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കർശനമായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (7) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു.

സൂചന (8 )ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം സംസ്ഥാനത്തെ പാതയോരങ്ങളിൽ നിന്നും അനധികൃത ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ പ്രാദേശിക കമ്മിറ്റികളും അവ യഥാക്രമം നടപ്പിലാക്കുന്നുണ്ട് എന്ന് നിരീക്ഷിക്കുന്നതിനായി ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റികളും രൂപീകരിച്ചുകൊണ്ട് സൂചന (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ അനധികൃത കൊടിതോരണങ്ങളും ഫ്ലക്സുകളും ബോർഡുകളും നീക്കം ചെയ്യുന്നതിന് NHAI, തദ്ദേശ സ്വയംഭരണ, റവന്യൂ, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട വരുന്ന ചട്ടങ്ങളിൽ പ്രസ്തുത വകുപ്പുകൾ തന്നെ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണെന്ന നിർദ്ദേശം നൽകി സൂചന (11) പ്രകാരം ഉത്തരവായിരുന്നു.

മേൽ നടപടികൾ നിരീക്ഷിക്കുന്നതിന് ബഹു. ഹൈക്കോടതി Amicus curiae യെ ചുമതലപ്പെടുത്തുകയും Amicus curiae യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി സൂചന (12) പ്രകാരം അധികമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചനകളിലെ സർക്കുലറുകളുടെയും ഉത്തരവുകളുടെയും തുടർച്ചയായി സംസ്ഥാനത്തെ പാതയോരങ്ങളിലും ട്രാഫിക് മീഡിയനുകളിലും മറ്റു പൊതുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള കൊടിതോരണങ്ങൾ, ഫ്ലക്സ് ബോർഡുകൾ മുതലായവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സൂചന (9) പ്രകാരം രൂപീകരിച്ച തദ്ദേശ സ്ഥാപനതല, പ്രാദേശിക കമ്മിറ്റികൾ അനധികൃത ബോർഡുകൾ, തോരണങ്ങൾ, കൊടിക്കുറകൾ, ഫ്ലക്സുകൾ എന്നിവ നീക്കം ചെയ്ത് ഒരു Holding Area യിലേയ്ക്ക് മാറ്റേണ്ടതാണ്.
2. മുൻ ഉത്തരവുകളിൽ പരാമർശിച്ചതുപോലെ തന്നെ നീക്കം ചെയ്യാത്തതും പുതുതായി സ്ഥാപിക്കപ്പെട്ടതുമായ അനധികൃത ബോർഡുകൾ, തോരണങ്ങൾ, കൊടിക്കുറകൾ, ഫ്ലക്സുകൾ എന്നിവ സ്ഥാപിച്ചവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. Holding Area യിലേയ്ക്ക് മാറ്റിയ അനധികൃത ബോർഡുകൾ, തോരണങ്ങൾ, കൊടിക്കുറകൾ, ഫ്ലക്സുകൾ എന്നിവകൾ നീക്കം ചെയ്യുന്നതിനായി ബന്ധപ്പെട്ട വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക് തദ്ദേശ സ്ഥാപന സെക്രട്ടറി നോട്ടീസ് നൽകേണ്ടതും 7 ദിവസത്തിനകം അവ നീക്കം ചെയ്യേണ്ടതുമാണ്. holding area യിലേയ്ക്ക് മാറ്റുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾക്കുണ്ടായ/ഉണ്ടാകുന്ന ചെലവ് അവ സ്ഥാപിച്ച വ്യക്തികൾ/സ്ഥാപനങ്ങൾ/സംഘടനകളിൽ നിന്നും ഈടാക്കേണ്ടതാണ്.
4. നോട്ടീസ് നൽകിയതിനു ശേഷം അതനുസരിച്ച് പ്രവർത്തിക്കാത്ത വ്യക്തികൾ/സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവർക്ക് എതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയും ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിന് ആവശ്യമായ തുക ഈടാക്കേണ്ടതുമാണ്.
5. കൂടാതെ സൂചനയിലെ മുൻ ഉത്തരവുകൾ പാലിക്കാതെ ബോർഡുകൾ, തോരണങ്ങൾ, കൊടിക്കുറകൾ, ഫ്ലക്സുകൾ എന്നിവ പ്രിന്റ് ചെയ്ത അഡ്വർടൈസിംഗ് ഏജൻസിയെ ഉചിത രീതിയിൽ കണ്ടെത്തി ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M
Date: 20-06-2023 10:40:38
സെക്ഷൻ ഓഫീസർ.

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ടു ചീഫ് സെക്രട്ടറി, കേരള
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ
റവന്യൂ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (സിറ്റി/റൂറൽ)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ മുഖേന)

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (LSGD-RC1/262/2022-LSGD)